# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in&kauagmet@yahoo.co.in**

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 34/2020(67),ചൊവ്വാഴ്ച** **തീയ്യതി 18.08.2020**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 40.6 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 27.5 മുതൽ 31.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.8 മുതൽ 23.8 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 90 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 71 മുതൽ 98 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.4 മുതൽ 1.8 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.0 മുതൽ 3.3 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.1 മുതൽ 2.7 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 19.08.2020 | 20.08.2020 | 21.08.2020 | 22.08.2020 | 23.08.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 5 | 4 | 5 | 5 | 7 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 10 | 12 | 12 | 12 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 290 | 290 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട്) | 7 | 7 | 7 | 8 | 8 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| പൊതുനിർദ്ദേശങ്ങൾ: കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക. | | |
| നെല്ല് (വിരിപ്പ്) കതിരുവരുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചൽ | വെള്ളം കയറിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിലിന് പ്രതിരോധ നടപടിയായി 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതും 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. അല്ലെങ്കിൽ ഒരു ഏക്കർ പാടശേഖരത്തിന് 100 ഗ്രാം വീതമുള്ള 20 കിഴികളിലായി ബ്ലീച്ചിങ്ങ് പൗഡർ നീർച്ചാലുകളിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ട് മി.ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| വാഴ | ഇലപ്പുള്ളിരോഗം | മഴക്കാലത്ത് താഴ്ന്ന പ്രദേശങ്ങളിലെ വാഴ തോട്ടങ്ങളിൽ നീർവാർച്ചാ സൗകര്യം ഉറപ്പു വരുത്തുക. വാഴയിൽ ഇലപ്പുള്ളിരോഗം കാണുകയാണെങ്കിൽ, പ്രതിരോധ നടപടിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| കുരുമുളക് | ദ്രുതവാട്ടം | തുടർച്ചയായ മഴ മൂലം കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. പ്രതിരോധ നടപടിയായി മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക. |
| ജാതി | ഇലകൊഴിച്ചിൽ | ജാതിയിൽ ഇലകൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| ഇഞ്ചി | മൂടുചീയൽ | മഴക്കാലത്ത് ഇഞ്ചിയിൽ മൂടുചീയൽ രോഗം വ്യാപിക്കാതിരിക്കാൻ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിച്ചു കൊടുക്കുക അല്ലെങ്കിൽ 25 ഗ്രാം ബ്ലീച്ചിങ്ങ് പൗഡറും 250 ഗ്രാം കുമ്മായവും കൂട്ടി കലർത്തി തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ വെള്ളരിവർഗ്ഗങ്ങൾ | മൃദുരോമപൂപ്പ് | അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ തളിക്കുക. |
| മൃഗസംരക്ഷണം | തീറ്റ ചാക്കുകൾ ചുമരിൽ ചാരി വെയ്ക്കാതെ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധക്ക് കാരണമാകും. | |